## ഗ്ലോസ്സറി

**Fred Talk** – വായിക്കുന്നതിനു മുൻപ് വാക്ക് ശബ്ദിക്കൽ (blending)

**sound-blending** – ഒരു വാക്ക് ഉണ്ടാക്കാൻ ശബ്ദങ്ങൾ ഒന്നിപ്പിക്കൽ, ഉദാ. c–a–t *cat*

**special friends** – ഒന്നിലധികം അക്ഷരങ്ങൾ കൊണ്ടെഴുതിയ ശബ്ദങ്ങൾ, ഉദാ. **sh**, **ng**, **qu**, **ch**

**Speed Sounds** – വാക്കുകളെ ഉണ്ടാക്കുന്ന ഒറ്റപ്പെട്ട ശബ്ദങ്ങൾ



**നിങ്ങളുടെ കുട്ടിക്ക് കഥ ഉൾക്കൊണ്ടുകൊണ്ട് വികാരത്തോടെ വായിച്ചു കേൾപ്പിക്കുക ! *നിങ്ങൾ* ആ കഥ എത്രയധികം സ്നേഹിക്കുന്നോ, നിങ്ങളുടെ കുട്ടിയും വായനയെ അത്രയധികം സ്നേഹിക്കും.**

നിങ്ങളുടെ കുട്ടിയെ വായന പരിശീലിപ്പിക്കാൻ എങ്ങനെ സഹായിക്കാമെന്ന് ബുക്ക്ലെറ്റ് 2 നിങ്ങളെ കാണിക്കുന്നു.

- Sets 2 ഉം 3 Speed Sounds
- പിങ്ക്, ഓറഞ്ച്, യെലോ, ബ്ലൂ, ഗ്രേ Storybooks.

https://www.ruthmiskin.com/en/find-out-more/parents/ ൽ നിങ്ങളുടെ കുട്ടിയെ സഹായിക്കുന്നതിനുള്ള നിരവധി വീഡിയോകൾ ഉണ്ട്.

*Read Write Inc.*, ലെ കൂടുതൽ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ കുട്ടിയുടെ സ്കൂളിലെ *Read Write Inc.* മാനേജരുമായി സംസാരിക്കുകയോ www.readwriteinc.com സന്ദർശിക്കുകയോ ചെയ്യുക.

OXFORD UNIVERSITY PRESS
www.oup.com

**web** www.oxfordprimary.co.uk
**email** primary.enquiries@oup.com
**tel.** +44 (0) 1536 452610

Read Write Inc. Phonics

# വീട്ടിലെ വായന ലഘുലേഖ 2

നിങ്ങളുടെ കുട്ടി, വളരെ പ്രചാരമുള്ളതും വിജയകരവുമായ സാക്ഷരതാ പ്രോഗ്രാമുകൾ *Read Write Inc. Phonics*, കൊണ്ട് വായിക്കാൻ പഠിക്കുകയാണ്. ഈ **രണ്ടാമത്തെ ലഘുലേഖ** നിങ്ങളുടെ കുട്ടിയെ എങ്ങനെ പെട്ടന്നുള്ള ഒരു തുടക്കത്തിലേക്ക് എത്തിക്കാൻ കഴിയുമെന്ന് കാണിച്ചുതരുന്നു.

നിങ്ങളുടെ കുട്ടി ഒരു വളരെ ലളിതമായ മാർഗ്ഗത്തിൽ വായിക്കാൻ പഠിക്കും. അവൻ അല്ലെങ്കിൽ അവൾ ഇനിപ്പറയുന്ന കാര്യങ്ങൾ പഠിക്കും:

1. **അക്ഷരങ്ങൾ** അവയുടെ 'ശബ്ദങ്ങൾ' (സൌണ്ടുകൾ) കൊണ്ട് വായിക്കുക
2. ഈ ശബ്ദങ്ങൾ **വാക്കുകളു**മായി കലർത്തുക
3. ഒരു **കഥ** യിലെ വാക്കുകൾ വായിക്കുക.



OXFORD

# എന്റെ കുട്ടി എങ്ങനെ വായിക്കാൻ പഠിക്കും?

നിങ്ങളുടെ കുട്ടി ഇതിനകം തന്നെ വായിക്കാൻ പഠിച്ചിട്ടുണ്ടാകും:

- Set 1 Speed Sounds: ഇവ ഒരു അക്ഷരത്തിനുള്ളിൽ തന്നെ എഴുതിയിരിക്കുന്ന ശബ്ദങ്ങളും: **m a s d t i n p g o c k u b f e l h r j v y w z x** രണ്ട് അക്ഷരങ്ങൾ കൊണ്ട് എഴുതിയിരിക്കുന്നു ശബ്ദങ്ങളും ആണ്. (നിങ്ങളുടെ കുട്ടി ഇതിനെ 'special friends' എന്നു വിളിക്കും): **sh th ch qu ng nk ck**
- ഈ ശബ്ദങ്ങൾ അടങ്ങിയിരിക്കുന്ന വാക്കുകൾ, sound-blending ലൂടെ, ഉദാ. m–a–t *mat*, c–a–t *cat*, g–o–t *got*, f–i–sh *fish*, s–p–o–t *spot*, b–e–s–t *best*, s–p–l–a–sh *splash*
- Blending Books ചുവപ്പ്, പച്ച, പർപ്പിൾ Storybooks.

ഇപ്പോൾ, അവൻ അല്ലെങ്കിൽ അവൾ ഇവ വായിക്കാൻ പഠിക്കും:

- Set 2 Speed Sounds: **ay ee igh ow oo ar or air ir ou oy**
- ഈ ശബ്ദങ്ങൾ അടങ്ങിയിട്ടുള്ള വാക്കുകൾ
- പിങ്ക്, ഓറഞ്ച്, മഞ്ഞ Storybooks.

അടുത്തത്, അവൻ അല്ലെങ്കിൽ അവൾ ഇവ വായിക്കാൻ പഠിക്കും:

- Set 3 Speed Sounds: **ea oi a-e i-e o-e u-e aw are ur er ow ai oa ew ire ear ure**
- ഈ ശബ്ദങ്ങൾ അടങ്ങിയ വാക്കുകൾ
- നീല, ചാര (ഗ്രേ) Storybooks.



## *നിങ്ങളുടെ കുട്ടി വായിക്കുന്നത് എങ്ങനെ ശ്രവിക്കണം*



- നിങ്ങളുടെ കുട്ടി നിങ്ങൾക്ക് അത് വായിച്ചു തരും മുൻപ് ആ ബുക്ക് ഉറക്കെ വായിക്കരുത്.
- നിങ്ങളുടെ കുട്ടി കഥ വായിക്കും മുൻപ് നിങ്ങളുടെ കുട്ടിയോട് ശബ്ദങ്ങളും വാക്കുകളും വായിക്കാൻ പറയുക.
- നിങ്ങളുടെ കുട്ടി കഥ വായിക്കുമ്പോൾ, അവനു അല്ലെങ്കിൽ അവൾക്ക് ഓട്ടോമാറ്റിക്കായി വായിക്കാൻ കഴിയാത്ത വാക്കുകൾ ശബ്ദമായി വായിക്കാൻ പറയുക. നിങ്ങളുടെ കുട്ടിയെ ഒരുപാട് ബുദ്ധിമുട്ടാൻ അനുവദിക്കരുത്. അവൻ അല്ലെങ്കിൽ അവൾ വിജയിക്കുമ്പോൾ നിങ്ങളുടെ കുട്ടിയെ അഭിനന്ദിക്കുക.
- കഥ മുന്നോട്ടു കൊണ്ടു പോകുന്നതിനായി ഒരോ വരി അല്ലെങ്കിൽ പേജ് തിരികെ വായിച്ചു കേൾപ്പിക്കുക. (നിങ്ങളുടെ കുട്ടിയുടെ ഊർജ്ജം വാക്കുകൾ വായിക്കുന്നതിലേക്കാണു പോകുക കഥയിലേക്കല്ല.
- ചിത്രം ഉപയോഗിച്ചുകൊണ്ട് വാക്ക് ഊഹിക്കാൻ നിങ്ങളുടെ കുട്ടിയോട് ആവശ്യപ്പെടരുത്.
- അത് മുഴുവനും ക്ഷമയോടെയും സ്നേഹത്തോടെയും ചെയ്യുക!

ഞങ്ങൾക്ക് സ്കൂളിൽ എല്ലാ ദിവസവും ഒരു സ്റ്റോറി ടൈം (കഥ വായിക്കുന്ന സമയം) ഉണ്ട്, അപ്പോൾ കുട്ടികൾക്ക് കഥയോട് ഒരു ഇഷ്ടം വളരും. നിങ്ങൾ എല്ലാ ദിവസവും രാത്രി ഒരു ബെഡ് ടൈം സ്റ്റോറി വായിക്കുക വഴി നിങ്ങളും അങ്ങനെ ആയിരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ കൈവശം സ്കൂളിൽ നിന്ന് നിങ്ങൾക്ക് കടം വാങ്ങാവുന്ന വിസ്മയകരമായ ബുക്കുകൾ ഉണ്ട്.

## 2. Storybooks വായിക്കാൻ നിങ്ങളുടെ കുട്ടിയെ സഹായിക്കുക

### Black and White Storybooks

നിങ്ങളുടെ കുട്ടി *Read Write Inc. Phonics* ബ്ലാക്ക് ആൻഡ് വൈറ്റ് Storybook വീട്ടിൽ കൊണ്ടുവരുന്നതു തുടരും. ഇത് അവൻ അല്ലെങ്കിൽ അവൾ സ്കൂളിൽ വായിക്കുന്ന കളർ വെർഷന്റെ ഒരു കോപ്പി ആണ്.

നിങ്ങളുടെ കുട്ടി ഈ കഥ മൂന്നു തവണ അവരുടെ റീഡിങ്ങ് ടീച്ചറിനൊപ്പം വായിച്ചിട്ടുണ്ടാകും, അതുകൊണ്ട് കഥ ആത്മവിശ്വാസത്തോടെ വായിക്കാൻ കഴിയണം.





എങ്ങനെ ആക്റ്റിവിറ്റീസ് പിന്തുടരണം എന്നത് സംബന്ധിച്ച് ഒരു ചെറിയ വിശദീകരണം ബുക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### Book Bag Books

നിങ്ങളുടെ കുട്ടി വീട്ടിൽ ഒരു Book Bag Book കൊണ്ടുവന്നേക്കാം. ഈ പുസ്തകം അവൻ അല്ലെങ്കിൽ അവൾ ഇപ്പോൾ വായിച്ച Storybook ആശയങ്ങളും പല വാക്കുകളും അടിസ്ഥാനമാക്കിയുള്ളതാണ്. നിങ്ങളുടെ കുട്ടിക്ക് ബുക്കു വായിക്കുന്നതിനു കൂടുതൽ സഹായം ആവശ്യം വരും.

വീണ്ടും, ആക്ടിവിറ്റീസ് എങ്ങനെ പിന്തുടരണം എന്നതിന്റെ വിശദീകരണം ബുക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.








## 1. നിങ്ങളുടെ കുട്ടിയെ Sets 2 ഉം 3 Speed Sounds വായിക്കാൻ സഹായിക്കുക

നിങ്ങളുടെ കുട്ടി വീട്ടിൽ Set 2 അല്ലെങ്കിൽ Set 3 Speed Sounds cards കൊണ്ടുവരും അല്ലെങ്കിൽ ഒരു *My Sets 2, 3 Speed Sounds Book* ഉം.

ഒരോ സൌണ്ടിനും നിങ്ങളുടെ കുട്ടിയെ ഓർമ്മിക്കാൻ സഹായിക്കുന്നതിന് ഒരു ചിത്രവും വാക്യവും ഉണ്ട്. ഉദാഹരണത്തിന്:

- സൌണ്ട് 'ay'ക്ക് 'May I play?' എന്ന വാക്യവും ഒപ്പം കുട്ടികൾ ഒന്നിച്ചു കളിക്കുന്നൊരു ചിത്രവും ഉണ്ട്
- സൌണ്ട് 'ee' യ്ക്ക് 'What can you see?' എന്ന വാക്യവും രണ്ടു കുട്ടികൾ ഒരു മരത്തിലിരിക്കുന്ന ചിത്രവും ഉണ്ട്.






## Set 2 Speed Sounds കാർഡുകളുടെ ഉപയോഗം

ആദ്യം, പായ്ക്കിൽ ഇനി പറയുന്ന സൌണ്ടുകൾ കണ്ടെത്തുക: **ay ee igh ow oo**

1. ചിത്രത്തിന്റെ വശം ഉയർത്തുക, ഒരോ കാർഡിലെയും വാക്യം പറയാൻ കുട്ടിയോട് ആവശ്യപ്പെടുക, ഓരോ തവണയും വേഗത കൂട്ടുക.
2. അക്ഷരത്തിന്റെ വശത്തെ സൌണ്ടുകൾ പറയാൻ നിങ്ങളുടെ കുട്ടിയെ സഹായിക്കുക, ഓരോ തവണയും വേഗത കൂട്ടുക. അവനോ അവളോ മറക്കുന്നെങ്കിൽ, ചിത്രത്തിന്റെ ഭാഗം കാണിക്കുക. നിങ്ങളുടെ കുട്ടിക്ക് പരിശോധിക്കാനായി മറിച്ചു നോക്കാതെ സൌണ്ടുകൾ പറയാറാകുമ്പോൾ, വേഗത വർദ്ധിപ്പിക്കുക!
3. സൌണ്ടുകൾ കൊണ്ട് ആവർത്തിക്കുക: ***oo*** **ar or air ir ou oy** എന്നിട്ട് ഈ സൌണ്ട് കാർഡുകൾ മുകളിൽ ഉള്ളവയുമായി കലർത്തുക. നിങ്ങളുടെ കുട്ടിക്ക് ഈ 12 സൌണ്ടുകൾ വേഗത്തിലും ആത്മവിശ്വാസത്തിലും വായിക്കാൻ കഴിയുന്നതുവരെ ഇതു പരിശീലിക്കുക.




സ്പീഡ് സൌണ്ട്സ് (Speed Sounds) ക്ലാസ്സ് റൂമിൽ പഠിക്കുന്നു


## Set 3 Speed Sounds കാർഡുകളുടെ ഉപയോഗം

ആദ്യം, പായ്ക്കിൽ, ഇനി പറയുന്ന സൌണ്ടുകൾ കണ്ടെത്തുക: **ea oi a-e i-e o-e u-e**

1. ചിത്രത്തിന്റെ വശം ഉയർത്തുക, ഒരോ കാർഡിലെയും വാക്യം പറയാൻ കുട്ടിയോട് ആവശ്യപ്പെടുക, ഓരോ തവണയും വേഗത കൂട്ടുക.
2. അക്ഷരത്തിന്റെ വശത്തെ സൌണ്ടുകൾ പറയാൻ നിങ്ങളുടെ കുട്ടിയെ സഹായിക്കുക, ഓരോ തവണയും വേഗത കൂട്ടുക. അവനോ അവളോ മറക്കുന്നെങ്കിൽ, ചിത്രത്തിന്റെ ഭാഗം കാണിക്കുക. നിങ്ങളുടെ കുട്ടിക്ക് പരിശോധിക്കാനായി മറിച്ചു നോക്കാതെ സൌണ്ടുകൾ പറയാറാകുമ്പോൾ, വേഗത വർദ്ധിപ്പിക്കുക!
3. ഇനി പറയുന്ന സൌണ്ടുകൾ കൊണ്ട് ആവർത്തിക്കുക: **aw are ur er ow ai oa ew** എന്നിട്ട് ഈ സൌണ്ട് കാർഡുകൾ മുകളിൽ ഉള്ളവയുമായി കലർത്തുക. നിങ്ങളുടെ കുട്ടിക്ക് ഈ 14 സൌണ്ടുകൾ പെട്ടന്നും ആത്മവിശ്വാസത്തോടെയും വായിക്കാൻ കഴിയുന്നതു വരെ പരിശീലിക്കുക.
4. ഇനി പറയുന്ന സൌണ്ടുകൾ കൊണ്ട് ആവർത്തിക്കുക: **ire ear ure**

## My Sets 2, 3 Speed Sounds Book ന്റെ ഉപയോഗം

നിങ്ങളുടെ കുട്ടിയോട് ബുക്ക് താളുകൾ പെട്ടന്നു മറിക്കാനും അവൾക്ക് അല്ലെങ്കിൽ അവന് പറ്റുന്നത്ര വേഗത്തിൽ ശബ്ദങ്ങൾ വായിക്കാനും പറയുക. നിങ്ങളുടെ കുട്ടി ഒരു സൌണ്ട് വായിക്കാൻ മടിക്കുന്നെങ്കിൽ, ഒരു ഓർമ്മപ്പെടുത്തൽ എന്ന നിലയിൽ ചിത്രം പിൻഭാഗത്തുണ്ട്. നിങ്ങളുടെ കുട്ടിക്ക് അതേ പേജിൽ തന്നെ ശബ്ദം എഴുതുന്നതും പരിശീലിക്കാവുന്നതാണ്.




*My Sets 2 and 3 Speed Sounds Book* സൌണ്ട്സ് വായിക്കാനും എഴുതാനും പരിശീലിക്കുക.